## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1177** **07-10-2021 - ൽ മറുപടിയ്ക്ക്**

## വടക്കഞ്ചേരി-ഗോവിന്ദാപുരം പാതയെ ദേശീയപാതയായി ഉയർത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വടക്കഞ്ചേരി-ഗോവിന്ദാപുരം സംസ്ഥാന പാതയെ ദേശീയപാതയായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | വടക്കാഞ്ചേരി-ഗോവിന്ദാപുരം സംസ്ഥാന പാതയെ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 03/02/2016 തീയതിയിലെ കത്ത് നം.NH/14012/8/2013 പ്രകാരം ദേശീയപാതയായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാധ്യതാപഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്ന പ്രവൃത്തി M/s KITCO Ltd, Kochi എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തുകയും അലൈൻമെന്റ് ഓപ്ഷൻ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തത്വത്തിൽ അംഗീകരിച്ചിട്ടുള്ള ദേശീയപാതകളുടെ തുടർനടപടികൾ നിർത്തിവെയ്ക്കുന്നതിന് 04/12/2019-ലെ റിജിയണൽ ഓഫീസർ MoRTH തിരുവനന്തപുരത്തിന്റെ കത്ത് നം. RW/TRI/Tech/Misc/143/2015-16 ലെ നിർദ്ദേശ പ്രകാരം സാധ്യതാപഠനം നിർത്തിവെയ്ക്കുകയുണ്ടായി. 23/08/2021- ലെ കേന്ദ്രമന്ത്രാലയത്തിന്റെ കത്ത് നം. RW/NH/12014/59/2020-K/Zone III പ്രകാരം തത്വത്തിൽ അംഗീകരിച്ച ദേശീയപാതകളുടെ നടപടികൾ തുടരുന്നതിനായി നിർദ്ദേശം ലഭിക്കുകയുണ്ടായി. ആയതിൻപ്രകാരം കൺസൾട്ടൻസിയോട് തുടർനടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടങ്ങാൻ കഴിയും |

സെക്ഷൻ ഓഫീസർ